**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2453** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഭെൽ-ഇ.എം.എൽ. കമ്പനിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഭെൽ-ഇ.എം.എൽ. കമ്പനി പൂർണമായും സംസ്ഥാന സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ അവിടെ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ; | (എ) | കേരള സർക്കാർ ഏറ്റെടുത്ത ശേഷം കമ്പനിയുടെ ഭാവി മുന്നിൽ കണ്ട് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള നടപടികളാണ് വിഭാവനം ചെയ്തിരിക്കു-ന്നത്. 1) കമ്പനിയുടെ നിലവിലുള്ള യന്ത്ര സാമഗ്രികൾ പുനരുദ്ധരിക്കുന്ന-തോടൊപ്പം വൈവിദ്ധ്യവത്ക്കരണ-ത്തിന്റെ ഭാഗമായി പുതിയ യന്ത്രസാമഗ്രികൾ കൂടി ഉൾപ്പെടുത്തി കമ്പനി നവീകരിക്കുക. 2) ആൾട്ടർനേറ്ററുകളുടേയും ഡീസൽ ജനറേറ്ററുകളുടേയും ഉല്പാദനത്തിന് പുറമേ ട്രാക്ഷൻ മോട്ടോർ കൺട്രോളേഴ്സ്, പ്രതിരോധ മേഖല-യ്ക്കാവശ്യമായ ആൾട്ടർനേറ്റേഴ്സ് വൈദ്യുതിമേഖലയ്ക്കാവശ്യമായ സ്ട്രീറ്റ് ലൈറ്റ് കൺട്രോളേഴ്സ് തുടങ്ങിയവ നിർമ്മിക്കുന്നതിലൂടെ കൂടുതൽ വിപണി സാധ്യത കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ കമ്പനിയുടെ പുനരുദ്ധാരണ പാക്കേജ് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | നിലവിൽ എത്ര തൊഴിലാളികളാണ് ഉള്ളതെന്നും പ്രസ്തുത തൊഴിലാളികൾക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശിക ഉണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ 139 ജീവനക്കാരുണ്ട്. 34 മാസത്തെ ശമ്പള കുടിശ്ശിക ബെൽ നൽകാനുണ്ടായിരുന്നു. |
| (സി) | പ്രസ്തുത ശമ്പള കുടിശ്ശിക കൊടുത്തുതീർക്കുന്ന കാര്യത്തിൽ എന്തു തീരുമാനമാണ് എടുത്തതെന്ന് വ്യക്തമാക്കാമോ; | (സി) | സ്ഥാപനം കഴിഞ്ഞ ഒന്നര വർഷമായി പ്രവർത്തനരഹിതമാണ്. സംസ്ഥാന സർക്കാർ ഏറ്റെടുത്തതിനു ശേഷം ശമ്പള കുടിശ്ശികയും മറ്റ് ആനു-കൂല്യങ്ങളും എത്രമാത്രം നൽകാൻ കഴിയുമെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീ-കരിച്ചിട്ടുണ്ട്. |
| (ഡി) | ശമ്പള കുടിശ്ശികയായി എത്ര രൂപയാണ് കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | സ്ഥാപനം കഴിഞ്ഞ ഒന്നര വർഷമായി പ്രവർത്തനരഹിതമാണ്. സംസ്ഥാന സർക്കാർ ഏറ്റെടുത്തതിനു ശേഷം ശമ്പള കുടിശ്ശികയും മറ്റ് ആനു-കൂല്യങ്ങളും എത്രമാത്രം നൽകാൻ |

| | | | |
|---|---|---|---|
| | | | കഴിയുമെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീ-കരിച്ചിട്ടുണ്ട്. |
| (ഇ) | പിരിഞ്ഞുപോയ എത്ര തൊഴിലാളികൾക്ക് എത്ര തുക കൊടുക്കാൻ ബാക്കിയുണ്ടെന്നും അവ കൊടുക്കാനുള്ള സംവിധാനം ഉണ്ടാകുമോ എന്നും വ്യക്തമാക്കാമോ; | (ഇ) | പിരിഞ്ഞു പോയ 20 ജീവനക്കാർക്ക് നൽകുവാനുള്ള ആനുകൂല്യങ്ങൾ ബെൽ നൽകിയിട്ടില്ല. ഇഇ സംബന്ധിച്ച് എന്തു ചെയ്യാൻ കഴിയുമെന്ന് കമ്മിറ്റിയുടെ റിപ്പോർ- ട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാന- മെടുക്കുന്നതാണ്. |
| (എഫ്) | കമ്പനി പുതിയ രീതിയിൽ പ്രവൃത്തിക്കുമ്പോൾ നിലവിലുള്ള തൊഴിലാളികളെയെല്ലാം വീണ്ടും ഉൾക്കൊള്ളുമോ എന്ന് അറിയിക്കാമോ? | (എഫ്) | കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പുനരു- ദ്ധാരണ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്ന മുറയ്ക്ക് നില- വിലുള്ള ജീവനക്കാരെ പുതിയ കമ്പനിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ